വഹിക്കേണ്ടി വന്നിരുന്ന അധിക നികുതി ഭാരം 2013-ലെ ഭേദഗതി ചട്ടങ്ങളിലൂടെ ലഘൂകരിക്കപ്പെട്ടുകയാണുണ്ടായിട്ടുള്ളത്. എന്നാൽ ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തുനിർണ്ണയത്തിനുശേഷം പ്രസ്തുത കെട്ടിടത്തിന് കൂട്ടിച്ചേർക്കലോ ഘടനാപരമായ മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽ പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതല്ല. എം.എസ്.എം.ഇ. (ചെറുകിട വ്യവസായ യൂണിറ്റുകൾ) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന 40-60 രൂപ നിരക്ക് 15-25 രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാര വിതരണം

239 (3217) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കടിപ്പുള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു ; അവിടെ പഠിക്കുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം എത്ര ; വ്യക്തമാക്കുമോ ;

(സി) കടിപ്പുള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ആകെ 1608 കടിപ്പുള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു. അവിടെ പഠിക്കുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ശ്മശാനങ്ങളുടെ നിർമ്മാണം

240 (3218) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി തദ്ദേശഭരണ വകുപ്പിൽനിന്നും പഞ്ചായത്തുകൾക്ക് നല്കി വരുന്ന തുക എത്രയെന്ന വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്തുമോ ;

(സി) ശ്മശാന നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ലഭ്യമാക്കിയാൽ നിർമ്മാണ ചെലവ് സർക്കാർ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഒരു ഗ്രാമപഞ്ചായത്തിന് സർക്കാർ ധനസഹായമായി 20 ലക്ഷം രൂപ വീതം നൽകുന്നതിന് ഉത്തരവ് നിലവിലുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിലെ ശ്മശാന നിർമ്മാണം നടത്തി ഫണ്ടനുവദിച്ച ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഗ്രാമ പഞ്ചായത്ത്	വർഷം	അനുവദിച്ച തുക	വിശദാംശങ്ങൾ
പെരിനാട്	2011-12	295125	ശ്മശാനത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ചു
ആദിച്ചനല്ലൂർ	2011-12	1000000	ശ്മശാനത്തിന് കെട്ടിടം നിർമ്മിച്ചു.
കടയ്ക്കൽ	2011-12	948248	ശ്മശാനത്തിന്റെ ചുറ്റുമതിൽ പൂർത്തീകരിച്ചു.
കുളത്തുപ്പുഴ	2012-13	807683	ശ്മശാനത്തിന്റെ ചുറ്റുമതിൽ, ബലിത്തറ എന്നിവ നിർമ്മിച്ചു

(സി) സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങുന്നതിനും നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ വീതം സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ തനത് ഫണ്ട് കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കേണ്ടതുണ്ട്.

കെട്ടിട നികുതി വർദ്ധിപ്പിച്ചതുമൂലമുള്ള ബുദ്ധിമുട്ടുകൾ

241 (3219) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനികുതി വർദ്ധിപ്പിച്ചതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly